"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ദുരന്ത നിവാരണ പദ്ധതി രേഖയിലെ ന്യൂനതകൾ ഉണ്ടെങ്കിൽ പരിഹരിച്ച് 2020 ഏപ്രിൽ 30-നകം സമർപ്പിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകാൻ ജില്ലാ ആസൂത്രണ സമിതികൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.646/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/03/2020

---

പരാമർശം:- 1 സ.ഉ.(കൈ) നം. 156/2019/തസ്വഭവ, തീയതി 04.12.2019.
2 സ.ഉ.(കൈ) നം. 157/2019/തസ്വഭവ, തീയതി 05.12.2019.
3 സ.ഉ.(കൈ) നം. 14/2020/തസ്വഭവ, തീയതി 14.01.2020.
4 സ.ഉ.(കൈ) നം. 19/2020/തസ്വഭവ, തീയതി 23.01.2020.
5 സർക്കുലർ നം. ഡിഎ1/372/2019/തസ്വഭവ , തീയതി 12.03.2020.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2020-21 വാർഷിക പദ്ധതിയോടൊപ്പം ദുരന്ത നിവാരണ പദ്ധതി കൂടി തയ്യാറാക്കണമെന്നും ദുരന്ത നിവാരണ പദ്ധതിയിൽ രൂപപ്പെട്ട് വരുന്ന പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കണമെന്നും പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലാ തലത്തിൽ സാങ്കേതിക സമിതി ദുരന്ത നിവാരണ പദ്ധതി രേഖ പരിശോധിക്കണമെന്ന് പരാമർശം (1) ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ദുരന്ത നിവാരണ പദ്ധതി ജില്ലാ ആസൂത്രണ സമിതി പരിശോധിക്കുന്നതിനുള്ള ചെക്ക് ലിസ്റ്റ് പരാമർശം (5) പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

2. വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം അനുസരിച്ച് വാർഷിക പദ്ധതിയും ദുരന്ത നിവാരണ പദ്ധതി രേഖയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ജില്ലാ തലത്തിലുള്ള സാങ്കേതിക സമിതിയുടെ പരിശോധനയിൽ ദുരന്ത നിവാരണ പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തണമെന്ന ശുപാർശ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ വാർഷിക പദ്ധതി അംഗീകാര പ്രക്രിയ താമസിക്കാനിടയുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ദുരന്ത നിവാരണ പദ്ധതി രേഖയിൽ എന്തെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുകയും അതിൻപ്രകാരമുള്ള പരിഷ്കരിച്ച ദുരന്ത നിവാരണ പദ്ധതി രേഖ 2020 ഏപ്രിൽ 30 -നകം സമർപ്പിക്കണമെന്ന നിബന്ധനയോടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകാൻ ജില്ലാ ആസൂത്രണ സമിതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും .
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.